## നോമ്പ് ഏഴാം ഞായർ - മാർച്ച് 20, 2016
(മത്താ. 21:1-17)

**വചനസന്ദേശം: റവ. ഫാ. വർഗ്ഗീസ് തൊട്ടിയിൽ**

തന്റെ പീഡാനുഭവത്തിനു തൊട്ടുമുമ്പു ക്രിസ്തു ജെറുസലേമിലേക്കു നടത്തുന്ന രാജകീയ പ്രവേശം വ്യക്തമായ ഉദ്ദേശ്യങ്ങളോടുകൂടിത്തന്നെയുള്ളതാണ്. ജനങ്ങളുടെ ഹൃയങ്ങളെ ആവേശഭരിതമാക്കുകയും ഉണർത്തുകയും ചെയ്യുന്ന ഈ പദ്ധതി, പല പ്രവാചകന്മാരും തങ്ങളുടെ ജീവിതത്തിൽ അനുവർത്തിച്ചിട്ടുള്ളതാണ്. ഇസ്രായേലിന്റെ ചരിത്രം പരിശോധിച്ചാൽ, തങ്ങളുടെ വാക്കുകൾക്കു നേരെ ജനം നിസ്സംഗത പ്രകടിപ്പിക്കുന്നഘട്ടങ്ങളിലെല്ലാം തനിക്കറിയിക്കാനുള്ള ദൈവികസന്ദേശം ജനങ്ങൾക്ക് ആകർഷണീയവും മനസ്സിലാക്കാൻ സാധിക്കുന്ന രീതിയിലും നാടകീയവുമായി അവതരിപ്പിക്കുന്നതു പ്രവാചകചരിത്രത്തിൽ നാം കാണുന്നുണ്ട്.

വളരെ നാടകീയവും ജനകീയവുമായിത്തീർന്ന ഈ രാജകീയ പ്രവേശത്തിലൂടെ എന്തു സന്ദേശമാണു ക്രിസ്തു തനിക്കു ചുറ്റും കൂടിയ ജനതയ്ക്കും ഇന്നു നമുക്കും പകർന്നു തരാൻ ആഗ്രഹിച്ചത്?

1. താൻ ദൈവത്തിന്റെ അഭിഷിക്തനായ മിശിഹായാണെന്ന് ഈ രാജകീയ പ്രവേശത്തിലൂടെയും തുടർന്നു ദേവാലയം ശുദ്ധീകരിക്കുന്നതിലൂടെയും ക്രിസ്തു വെളിപ്പെടുത്തുകയായിരുന്നു. ക്രിസ്തുവിന്റെ അധികാരത്തെയും അവകാശത്തെയും ദൗത്യത്തെയും അതുവഴി പ്രഘോഷിക്കുകയായിരുന്നു അത്തരം ഒരു പ്രഘോഷണത്തിലൂടെ ക്രിസ്തു തന്റെ മരണത്തിലേക്കു കൂടുതൽ അടുക്കുകയായിരുന്നു. ജനങ്ങൾ അവനെ രാജാവായി വാഴ്ത്തുകയും അംഗീകരിക്കുകയും ചെയ്തതും ദേവാലയം അവർ ശുദ്ധീകരിച്ചതും യഹൂദ മതമേലദ്ധ്യക്ഷന്മാരെ വല്ലാതെ ചൊടിപ്പിച്ചു.

നാമെല്ലാവരും പലതരം അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നവരും അധികാരത്തിനായി ദാഹിക്കുന്നവരുമാണ്. പക്ഷേ, യേശുവിനെപ്പോലെ ദൈവഹിതം പൂർത്തീകരിക്കപ്പെട്ട വിധം, ദൈവികമായ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്നവരും ദൈവത്തിന്റെ മക്കളെന്ന അധികാരത്തിനായി പരിശ്രമിക്കുന്നവരുമായി നാം എത്രത്തോളം രൂപാന്തരപ്പെടുന്നുണ്ട്. മാമ്മോദീസായിലൂടെ നമുക്കു കിട്ടിയ ചില അവകാശങ്ങളുടെ അധികാരങ്ങളുമുണ്ട്. അതിനെക്കുറിച്ചു നമുക്കു വല്ല വ്യക്തതയും ബോദ്ധ്യവുമുണ്ടോ? ഒരു ക്രിസ്ത്യാനിയെന്ന രീതിയിൽ നമുക്കുള്ള അസ്തിത്വത്തെ അടയാളപ്പെടുത്തുമാറ് നാം ജീവിക്കുന്നുണ്ടോ?

ഇന്ന്, ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ മതബോധന വിദ്യാർത്ഥികളായിരുന്ന, സംഘടനകളിൽ സജീവമായിരുന്ന, അൾത്താര ശുശ്രൂഷകരായിരുന്ന നമ്മുടെ കുട്ടികൾ, വളരെ വ്യാപകമായിത്തന്നെ മറ്റു മതസ്ഥരെ വിവാഹം കഴിക്കാൻ കാരണം, മാമ്മോദീസയിലൂടെ ലഭിച്ച ക്രിസ്തീയ അസ്തിത്വത്തിന്റെ അനന്യതയും മൂല്യവും വിലയും അറിയാത്തതുകൊണ്ടും അതിനെക്കുറിച്ചു യാതൊരു ബോദ്ധ്യമില്ലാത്തതുകൊണ്ടുമാണ്. ക്രിസ്തുവിന്റെ മാമ്മോദീസായുടെ വേളയിൽ പിതാവ് അരുൾ ചെയ്തു. ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. ആ പ്രസാദത്തെക്കുറിച്ചുള്ള ബോദ്ധ്യത്തിന്റെ പ്രഖ്യാപനമായിരുന്നു അവിടുത്തെ രാജകീയപ്രവേശനവും ദേവാലയശുദ്ധീകരണവും. അതു ക്രിസ്തുവിന്റെ മരണത്തിനുള്ള ഏറ്റവും അടുത്ത കാരണമാവുകയും ചെയ്തു. യഥാർത്ഥത്തിൽ നാമും മാമ്മോദീസായിൽ ലഭിച്ച മുദ്രയുടെ മൂല്യം ജീവിക്കാനും പ്രഘോഷിക്കാനും സ്ഥാപിക്കാനും ശ്രമിച്ചാൽ ഒത്തിരി ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടിവരും. ആ ത്യാഗങ്ങൾ അനുഷ്ഠിക്കാൻ മനസ്സില്ലാത്തവർ ക്രിസ്തീയജീവിതത്തിന്റെ അനന്യതയെയും അസ്തിത്വത്തെയും തട്ടിത്തെറിപ്പിച്ചും നിരാകരിച്ചും ലൗകികവ്യാമോഹങ്ങൾക്ക് അടിപ്പെടുകയും ഭൗതികാവകാശ അധികാരങ്ങൾക്കായി കിണഞ്ഞു പരിശ്രമിക്കു

കയുംചെയ്യുന്നു.
2. ക്രിസ്തുവിന്റെ രാജകീയപ്രവേശം, യഥാർത്ഥത്തിൽ അവനുള്ള ജനപിന്തുണയുടെ പ്രഖ്യാപനം കൂടിയായിരുന്നു. ക്രിസ്തു അവകാശപ്പെട്ടതും സ്ഥാപിക്കാൻ ശ്രമിച്ചതും ഐഹികമായ ചെങ്കോലിന്റെയും കിരീടത്തിന്റെയും രാജത്വമല്ല. മറിച്ച്, സ്വർഗീയാഹ്ലാദത്താൽ നിറഞ്ഞ ഹൃദയങ്ങളുടെ രാജത്വമായിരുന്നു. ഒരു കഴുതപ്പുറത്താണു ക്രിസ്തുവിന്റെ രാജകീയപ്രവേശം; കുതിരപ്പുറത്തല്ല. കുതിരവേഗം തിടുക്കത്തിന്റെയും ഭൗതികമായ വെട്ടിപ്പിടിക്കലിന്റെയും അടയാളപ്പെടുത്തലാണ്. കഴുത വളരെ സാവധാനത്തിൽ സഞ്ചരിക്കുന്ന ഒരു ജീവിയാണ്. സാധാരണക്കാരന്റെ നടത്തംപോലെ. മാത്രവുമല്ല, കുതിരപ്പുറത്തിരുന്നാൽ തനിക്കൊപ്പം സഞ്ചരിക്കുന്ന ജങ്ങൾക്കും മുകളിലാകും ക്രിസ്തുവിന്റെ ഉയരം. കഴുതപ്പുറത്ത് ഒരാൾ ഇരിക്കുമ്പോൾ സാധാരണ മനുഷ്യന്റെ തലയ്ക്കൊപ്പമേ വരൂ. അതുകൊണ്ടുതന്നെ കഴുതപ്പുറത്തുള്ള വരവു വിനയത്തിന്റെയും ശാന്തിയുടെയും പ്രതീകമായി.
ഫ്രാൻസിസ് മാർപാപ്പയുടെ സഞ്ചാരവും ചെയ്തികളും വാക്കുകളും ക്രിസ്തുവിന്റെ രാജകീയ പ്രവേശനം കണക്കെ ജനങ്ങൾക്കൊപ്പമായിരിക്കുന്ന ഇടപെടലുകളാണ്. ഇത്തരം ഇടപെടലുകളാണു ജനഹൃദയങ്ങളെ കീഴടക്കുക. നമ്മുടെ പ്രവേശനങ്ങൾ, ഇടപെടലുകൾ, സന്ദർശനങ്ങൾ, സംസാരങ്ങൾ മററുള്ളവരുടെ ഹൃദയത്തെ കീഴ്പ്പെടുത്തുന്നുവയാണോ? ശിശുക്കളുടെയും മുല കുടിക്കുന്നവരുടെയും അധരങ്ങളിൽ നിന്നും ഒഴുകിവരുന്ന സ്തുതി കണക്കെ നിഷ്കളങ്കവും ഹൃദയം കവരുന്നതുമായ പ്രവർ ത്തനശൈലിയാണോ നമ്മുടേത്? അങ്ങനെയാണെ ങ്കിൽ നിഷ്കപടമായ വിനയവും മറ്റുള്ളവരെ വിധിക്കാതിരിക്കാനുള്ള കഴിവും നിസ്വാർത്ഥമായി സ്നേ ഹിക്കാനുള്ള കൃപയും വേണം. ഈ ഓശാന തിരുനാളിൽ നമ്മുടെ പ്രവേശനങ്ങളും സന്ദർശനങ്ങളും ആരുടെയൊക്കെ, എത്ര പേരുടെയൊക്കെ ഹൃദയം കവരുന്നവയാണെന്നത് എത്രത്തോളം ജനപിന്തുണ നമുക്കുണ്ടെന്നു തിരിച്ചറിയാനുള്ള ദിവസമാകട്ടെ.
3. ഈ രാജകീയപ്രവേശനവും ദേവാലയശുദ്ധീകരണവും ക്രിസ്തുവിന്റെ ധൈര്യത്തെ വെളിപ്പെടുത്തുന്നവയായിരുന്നു. ജെറുസലേമിലേക്കു പ്രവേശിച്ചാൽ ജനം ഇളകിവശാകുമെന്നും അവിടെ ദേവാലയത്തിൽ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ തനിക്കു പ്രതികരിക്കേണ്ടിവരുമെന്നും അതു തന്റെ മരണത്തിനു കാരണമായിത്തീരുമെന്നും അറിഞ്ഞുകൊണ്ടുതന്നെ, ക്രിസ്തു അതിനു ധൈര്യപ്പെടുന്നു. തന്റെ സുരക്ഷിതത്വങ്ങളുടെ മാളങ്ങളിൽ ഒളിഞ്ഞിരിക്കാതെ പുറത്തേയ്ക്കു വരാനുള്ള ധൈര്യം വിപത്കരമായ ജീവിതവഴികളിലേക്കുള്ള കാൽവയ്പാണ്. ക്രിസ്തു ദേവാലയത്തിൽവച്ചു കോപിച്ചതും ചില ജീർണതകൾക്കെതിരെയാണ്.
നാമൊക്കെ പലപ്പോഴും കോപിക്കുന്നതു വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ അവഗണനകൊണ്ടോ ഒക്കെ നമ്മുടെ അഹംബോധം മറ്റുള്ളവരാൽ മുറിപ്പെടുമ്പോഴാണ്. ഈ കാലഘട്ടത്തിന്റെ ദുര്യനിരാസങ്ങൾക്കും ജീർണതകൾക്കുമെതിരെ പ്രതികരിക്കാൻ നിലപാടു സ്വീകരിക്കാൻ നമുക്കുധൈര്യമുണ്ടോ? അപ്രകാരം ധൈര്യമുണ്ടാകണമെങ്കിൽ നാം നമ്മുടെ സുരക്ഷിതത്വങ്ങളെ കൈവെടിയണം. അത്തരം സുരക്ഷിതത്വങ്ങളുടെ സുഖവഴികളെ കൈവെടിഞ്ഞു നമ്മെത്തന്നെ അപകടപ്പെടുത്താൻ നമുക്കു ധൈര്യമില്ലാത്തതുകൊണ്ട്, പല ന്യായീകരണങ്ങളും പറഞ്ഞു നാം കാലഘട്ടത്തിന്റെ ജീർണതകൾക്കും മൂല്യനിരാസങ്ങൾക്കും പ്രത്യക്ഷമായല്ലെങ്കിലും പരോക്ഷമായി കൂട്ടിരിക്കുന്നു.
കേരളത്തിലെ ജനകീയ പ്രശ്നങ്ങളിൽ രണ്ടും കല്പിച്ച് ഇടപെടുന്ന ഒരു അല്മായസുഹൃത്തിനോട്, ഒരു ക്ലാസ്സിന്റെ ഇടവേളയിൽ ഒരാൾ ചോദിച്ചു: ഇങ്ങനെ രാഷ്ട്രീയക്കാർക്കും പണമുതലാളിത്തത്തിനും സാമൂഹിക ജീർണതകൾക്കുമെതിരെയൊക്കെ പ്രതികരിക്കുകയും സമരം ചെയ്യുകയും ചെയ്യുമ്പോൾ ആരെങ്കിലും തട്ടിക്കളയുമെന്നു പേടിയില്ലേ? അപ്പോൾ ആ സുഹൃത്ത് പറഞ്ഞു: എന്നെ അപായപ്പെടുത്താൻ വരുന്നവരെ എനിക്കു പേടിയില്ല. എനിക്കു പേടി മറ്റൊന്നാണ്. നിങ്ങളെപ്പോലെയൊക്കെ സുഖകര

മായും സുരക്ഷിതത്വത്തിലുമൊക്കെ ജീവിക്കാനുള്ള പ്രലോഭനം എനിക്കുമുണ്ട്. ആ സുരക്ഷിതത്വജീവിതത്തിനുവേണ്ടിയുള്ള ആ പ്രലോഭനത്തെയാണു ഞാൻ പേടിക്കുന്നത്. ആ പ്രലോഭനം എന്നെ വിഴുങ്ങിയാൽ മറ്റുള്ളവരുടെ അവകാശങ്ങൾക്കും ഈ കാലഘട്ടത്തിന്റെ ജീർണതകൾക്കുമെതിരെ എനിക്കു പ്രതികരിക്കാൻ പറ്റാതാകും.
ധൈര്യമൊന്നൊക്കെ പറയുന്നതു കക്കാനും മോഷ്ടിക്കാനും മറ്റുള്ളവരുടെ കയ്യും കാലും തലയും വെട്ടാനുമൊക്കെയുള്ള മനക്കരുത്തല്ല; ക്രിസ്തുവിനെപ്പോലെ ജീവിച്ചു കൊതിതീരാത്ത ആ പ്രായത്തിലും മൂല്യനിരാസങ്ങൾക്കും സാമൂഹിക ജീർണതകൾക്കുമെതിരെ ചാട്ടവാറെടുക്കാനുള്ള ദൈവഹിതമാണ്. ഈ ഓശാനയുടെ വഴികളാണല്ലോ അവനെ ദുഃഖവെള്ളിയിലേക്കടുപ്പിച്ചത്.